WEDNESDAY

13/08/2025

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/08/2025

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആഗസ്റ്റ് 17 ചിങ്ങം ഒന്നിന് കർഷകദിനാഘോഷ പരിപാടിയും സംസ്ഥാന കർഷക അവാർഡ് വിതരണവും തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ വച്ച് സംഘടിപ്പിക്കുന്നു. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിന്റെ ഉദ്ഘാടനം കേരള സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ 11 മണിക്ക് നിർവഹിക്കുന്നതാണ്. അന്നേദിവസം രാവിലെ 8. 30 മുതൽ വർണ്ണാഭമായ ഘോഷയാത്രയോട് കൂടി ആരംഭിക്കുന്ന പരിപാടിക്ക് ശേഷം "കേര" പദ്ധതിയെ കുറിച്ചുള്ള സെമിനാറും ഉണ്ടായിരിക്കുന്നതാണ്. റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫസർ ആർ. ബിന്ദു, എം. പി. മാരായ കെ. രാധാകൃഷ്ണൻ, കെ. ബെന്നി ബെഹനാൻ എന്നിവരും, തൃശ്ശൂർ എം എൽ എ പി. ബാലചന്ദ്രൻ, മറ്റ് എം എൽ എ മാർ, ജനപ്രതിനിധികൾ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ, അവാർഡ് കർഷകർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കുന്നതാണ്.

2. സേവ് കുട്ടനാട് സെമിനാർ ആഗസ്റ്റ് 22ന് വൈകിട്ട് 3 മണിക്ക് മാമ്പുഴക്കരി സത്യവ്രത സ്മാരക ഹാളിൽ റവന്യൂമന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യും. കിസാൻ സഭ ദേശീയ സെക്രട്ടറി സത്യൻ മൊകേരി മോഡറേറ്ററായിരിക്കും. കൃഷിമന്ത്രി പി പ്രസാദ്, ഡോ. എം എസ് സ്വാമിനാഥൻ ജന്മശതാബ്ദി സ്മാരക പ്രഭാഷണം നടത്തും.

ചിങ്ങം ഒന്ന് കർഷകദിനം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ശാസ്ത്രീയമായി തയ്യാറാക്കിയ ഗുണമേന്മയുള്ള നല്ലയിനം പന്നിയൂർ 1 കുരുമുളക് തൈകൾ, WCT തെങ്ങിൻതൈകൾ, മത്തൻ, കുമ്പളം, പയർ, വെണ്ട, കുറ്റിപ്പയർ, ചീര, വെള്ളരി, തണ്ണിമത്തന് എന്നീ പച്ചക്കറി വിത്തുകളും വിൽപ്പനകേന്ദ്രത്തിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0466-2214123** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ ഒരു വർഷം പ്രായമുള്ള കോമാടൻ, WCT, കേരസങ്കര, കേരശ്രീ എന്നീ ഇനത്തിൽപ്പെട്ട അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിൽപ്പനക്കായി തയ്യാറായിട്ടുണ്ട്. വിശദാംശങ്ങൾക്കായി 0471-2383572 എന്ന നമ്പരിൽ ഓഫീസ് പ്രവർത്തിദിനങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

5. കാർഷിക മേഖലയിലെ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ഡ്രിപ്, സ്പ്രിങ്ക്ളർ, മൈക്രോ സ്പ്രിങ്ക്ളര്, റെയ്ന് ഗണ് തുടങ്ങിയവ സ്ഥാപിക്കുന്നതിന് ചെറുകിട കർഷകർക്ക് അനുവദനീയ ചെലവിന്റെ 55 ശതമാനവും മറ്റു കർഷകർക്ക് 45 ശതമാനവും സാമ്പത്തിക ആനുകൂല്യം ലഭിക്കും. ഒരു ഗുണഭോക്താവിന് പരമാവധി അഞ്ച് ഹെക്ടർ കൃഷിക്ക് ആനുകൂല്യം ലഭിക്കും. അപേക്ഷകന്റെ ഫോട്ടോ, ആധാർ കാർഡിന്റെ കോപ്പി, നികുതി രസീത്, ബാങ്ക് പാസ്സ്ബുക്കിന്റെ കോപ്പി, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം തുടങ്ങിയ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രേഖകൾ സഹിതമുള്ള അപേക്ഷ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയം, കുരിപ്പുഴ, കാവനാട് പി.ഒ കൊല്ലം 691003 വിലാസത്തിൽ സമർപ്പിക്കണം. ഫോൺ: 8606069173, 9846302765.

6. കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കരയിലുള്ള ബയോടെക്നോളജിഡിപ്പാർട്മെന്റിൽ ടിഷ്യൂക്കൾച്ചർ റോബസ്റ്റ് വാഴതൈകൾ 20 രൂപ നിരക്കിലും നല്ലയിനം ടിഷ്യൂക്കൾച്ചർ ഇഞ്ചിതൈകൾ 5 രൂപ നിരക്കിലും വില്പനക്ക്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **9048178101.**

## പരിശീലന പരിപാടി

1. ICAR വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ (KVK) വച്ച് 2025 ഓഗസ്റ്റ് 14ന് കാർഷിക യന്ത്രവൽക്കരണ പരിശീലന പരിപാടി, തൊഴിലധിഷ്ഠിത പരിശീലനം, Power Tiller & Brush cutter എന്നിവയുടെ പ്രവർത്തനപരിചയം, പ്രായോഗിക പരിശീലനവും ദൈനംദിന കാർഷിക ഉപയോഗത്തിലെ അറിവുകളും തൊഴിൽ സാധ്യതകൾ ഉയർത്തുന്ന പരിശീലനം എന്നിവ സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 7510796210 എന്ന നമ്പറിൽ WhatsApp മുഖേന മാത്രം രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലന സമയം രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ. പരിശീലന ഫീസ് 200 രൂപ .

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "വിവിധ തരം ചിപ്സ് നിർമ്മാണം" എന്ന വിഷയത്തിൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഇന്ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754 .

3. വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വച്ച് കൂൺകൃഷി പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഓഗസ്റ്റ് 20ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 3 30 വരെയാണ് പരിശീലനം. താല്പര്യമുള്ളവർ 9446911451 എന്ന നമ്പറിൽ 2025 ഓഗസ്റ്റ് 19 ന് വൈകുന്നേരം 4 മണിക്ക് മുൻപ് വാട്ട്സ്ആപ്പ് സന്ദേശം മുഖേനയോ ഫോണിൽ കൂടെയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 500 രൂപ. പങ്കെടുക്കുന്നവർക്ക് 2 പാക്കറ്റ് കൂൺ വിത്തും 4 PP കവറും സൗജന്യമായി നൽകുന്നു. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതായിരിക്കും.

<u>കാർഷിക നിർദേശം</u>

1. വെണ്ട ഇലപ്പുള്ളി രോഗം- വെണ്ടയിൽ ഇലപ്പുള്ളി രോഗം കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി ട്രൈക്കോഡെർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം മൂർച്ഛിക്കുകയാണെങ്കിൽ മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചുകൊടുക്കുക.

2. നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി സി ട്രൈക്കോഗ്രമ്മ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാർഡ് ചെറുകഷണങ്ങളായി മുറിച്ച വയലിന്റെ പലഭാഗത്ത് നെൽഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക.

3. പയറിലെ കായ് തുരപ്പൻറെ ആക്രമണം തടയാൻ ബ്യൂവേറിയ ബാസിയാന (20 ഗ്രാം/ലിറ്റർ വെള്ളം) തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം കാന്താരി മുളക് 1 ലിറ്റർ ഗോമൂത്രത്തിൽ കലക്കി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം